# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (2)

ദൂത് ഒന്ന്

## ദാവീദിന്റെ സന്തതി ദൈവപുത്രനായിത്തീരുന്നു

RK *Hymns*: ML141, ML130

തിരുവെഴുത്ത് വായന: പ്രവൃ. 13:23, 33; റോമ. 1:3-4; 8:29

പ്രവൃ. 13:23 ഇവന്റെ സന്തതിയിൽനിന്ന്, ദൈവം, വാഗ്ദത്തപ്രകാരം, യേശു എന്ന രക്ഷകനെ യിസ്രായേലിന് കൊണ്ടുവന്നു,

പ്രവൃ. 13:33 "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

റോമ. 1:3 ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും,

റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

**I. പ്രവൃത്തികൾ 13-ൽ ദാവീദിന്റെ സന്തതിയിൽനിന്ന് "ദൈവം, വാഗ്ദത്തപ്രകാരം, യേശു എന്ന രക്ഷകനെ യിസ്രായേലിന് കൊണ്ടുവന്നു" എന്നും (വാ. 23), "'നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു' എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയർപ്പിക്കുന്നതിൽ.... പൂർണമായി നിവർത്തിച്ചിരിക്കുന്നു" എന്നും (വാ. 33) പൗലൊസ് പറഞ്ഞു:**

Acts 13 be omitted.

A. ദൈവത്തിന്റെ ആദ്യജാതനെന്ന നിലയിൽ ക്രിസ്തു പിതാക്കന്മാർക്ക് വാഗ്ദത്തം ചെയ്യപ്പെട്ടുവെന്നും യേശുവിനെ ഉയിർപ്പിച്ചതിലൂടെ ദൈവം ഈ വാഗ്ദത്തം നിറവേറ്റിയെന്നും 32-ഉം 33-ഉം വാക്യങ്ങളിൽ നാം കാണുന്നു.

പ്രവൃ. 13:32 ഞങ്ങളോ പിതാക്കന്മാർക്കു ചെയ്ത വാഗ്ദത്തത്തിന്റെ സുവിശേഷം നിങ്ങളോട് അറിയിക്കുന്നു.

പ്രവൃ. 13:33 "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

B. പുനരുത്ഥാനം മനുഷ്യനായ യേശുവിന് ഒരു ജനനമായിരുന്നു:

1. അനേകം സഹോദരന്മാരുടെ ഇടയിൽ ദൈവത്തിന്റെ ആദ്യജാതനായ പുത്രനാകുവാൻ പുനരുത്ഥാനത്തിൽ അവൻ ദൈവത്താൽ ജനിപ്പിക്കപ്പെട്ടു—റോമ. 8:29.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

2. നിത്യത മുതൽ അവൻ ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു—യോഹ. 1:18; 3:16.

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

യോഹ. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

3. അവന്റെ ജഡാവതാരത്തിനുശേഷം, ദൈവത്തിന്റെ ആദ്യജാതനായ പുത്രനാകുവാൻ പുനരുത്ഥാനത്തിലൂടെ അവൻ ദൈവത്താൽ ജനിപ്പിക്കപ്പെട്ടു—എബ്രാ. 1:6.

എബ്രാ. 1:6 ആൾപ്പാർപ്പുള്ള ഭൂമിയിലേക്ക് അവൻ ആദ്യജാതനെ പിന്നെയും കൊണ്ടുവരുമ്പോൾ, “ദൈവത്തിന്റെ സകല ദൂതന്മാരും അവനെ ആരാധിക്കട്ടെ” എന്ന് അവൻ അരുളിച്ചെയ്യുന്നു.

C. സങ്കീർത്തനം 2:7-ൽ കർത്താവിന്റെ പുനരുത്ഥാനത്തെ പൗലൊസിന് കാണുവാൻ കഴിഞ്ഞു: "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു":

1. *ഇന്ന്* എന്ന പദത്തെ പൗലൊസ് കർത്താവിന്റെ പുനരുത്ഥാന ദിവസത്തോട് പ്രയോഗിച്ചു.
2. ക്രിസ്തുവിന്റെ പുനരുത്ഥാനം ദൈവത്തിന്റെ ആദ്യജാതനായ പുത്രനെന്ന നിലയിൽ അവന്റെ ജനനമായിരുന്നു എന്ന് ഇതർഥമാക്കുന്നു.
3. മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതിലൂടെ ദൈവപുത്രനാകുവാൻ മനുഷ്യപുത്രനായ യേശു ജനിപ്പിക്കപ്പെട്ടു; അതുകൊണ്ട്, ദൈവം യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചത് അവനെ തന്റെ ആദ്യജാതനായ പുത്രനാകുവാൻ ജനിപ്പിക്കുന്നതായിരുന്നു—പ്രവൃ. 13:33.

പ്രവൃ. 13:33 “നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു” എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

D. ജഡാവതാരത്തിലൂടെ ദൈവത്തിന്റെ ഏകജാതനായ പുത്രൻ മനുഷ്യത്വം ധരിക്കുകയും ദൈവമനുഷ്യനായിത്തീരുകയും ചെയ്തു (യോഹ. 1:14, 18; ലൂക്കൊ. 1:35); അതിനുശേഷം പുനരുത്ഥാനത്തിൽ ഈ ദൈവ-മനുഷ്യൻ അവന്റെ ആദ്യജാതനാകുവാൻ ദൈവത്തിൽനിന്ന് ജനിച്ചു (പ്രവൃ. 13:33; എബ്രാ. 1:6; റോമ. 8:29):

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

ലൂക്കൊ. 1:35 ദൂതൻ അവളോട് ഉത്തരം പറഞ്ഞു, പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; അതുകൊണ്ടുതന്നെ ജനിക്കുന്ന വിശുദ്ധമായത് ദൈവപുത്രൻ എന്നു വിളിക്കപ്പെടും.

പ്രവൃ. 13:33 “നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു” എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

എബ്രാ. 1:6 ആൾപ്പാർപ്പുള്ള ഭൂമിയിലേക്ക് അവൻ ആദ്യജാതനെ പിന്നെയും കൊണ്ടുവരുമ്പോൾ, “ദൈവത്തിന്റെ സകല ദൂതന്മാരും അവനെ ആരാധിക്കട്ടെ” എന്ന് അവൻ അരുളിച്ചെയ്യുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

1. ജഡാവതാരത്തിനുമുമ്പ് ദൈവത്തിന്റെ ഏകജാതനായ പുത്രന് മനുഷ്യപ്രകൃതം ഉണ്ടായിരുന്നില്ല; അവന് ദിവ്യപ്രകൃതം മാത്രമേ ഉണ്ടായിരുന്നുള്ളൂ.
2. പുനരുത്ഥാനത്തിൽ ദൈവത്തിന്റെ ആദ്യജാതനായ പുത്രന് മനുഷ്യപ്രകൃതവും ദിവ്യപ്രകൃതവും ഉണ്ട്.

E. തന്റെ പുനരുത്ഥാനത്തിലൂടെ ക്രിസ്തു ആദ്യജാതനായ പുത്രനാകുവാൻ ജനിപ്പിക്കപ്പെട്ടു, അതേ സമയം അവന്റെ എല്ലാ വിശ്വാസികളും ദൈവത്തിന്റെ അനേകം പുത്രന്മാരാകുവാൻ ജനിപ്പിക്കപ്പെട്ടു—1 പത്രൊ. 1:3; എബ്രാ. 2:10:

1 പത്രൊ. 1:3 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു,

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

1. ഈ അനേകം പുത്രന്മാരിൽ, ദൈവത്തിന്റെ ഏകജാതനായ പുത്രൻ മാത്രമാണ് ആദ്യജാതൻ—യോഹ. 1:18; 1 യോഹ. 4:9.

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

1 യോഹ. 4:9 നമുക്ക് ജീവൻ ഉണ്ടായിട്ട് അവനിലൂടെ ജീവിക്കേണ്ടതിന് തന്റെ ഏകജാതനായ പുത്രനെ ദൈവം ലോകത്തിലേക്ക് അയച്ചു എന്നതിൽ, ദൈവസ്നേഹം നമ്മുടെ ഇടയിൽ വെളിവായി.

2. ദൈവത്തിന്റെ ഈ ഏകജാതനായ പുത്രൻ, തന്റെ ഉയിർപ്പിക്കപ്പെട്ട മനുഷ്യത്വത്തിൽ, ദൈവത്തിന്റെ ആദ്യജാതനായ പുത്രനും ആണ്—റോമ. 8:29.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

3. ആദ്യജാതന് ദൈവത്വവും മനുഷ്യത്വവുമുണ്ട്, ദൈവത്തിന്റെ അനേകം പുത്രന്മാരായ അവന്റെ വിശ്വാസികളായ നമുക്കും മനുഷ്യപ്രകൃതവും ദിവ്യപ്രകൃതവും ഉണ്ട്—2 പത്രൊ. 1:4.

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

**II. തന്റെ പുനരുത്ഥാനത്തിൽ ക്രിസ്തു അവന്റെ മനുഷ്യ പ്രകൃതത്തോടുകൂടെ ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെട്ടുവെന്ന് നാം അറിയേണ്ടതാവശ്യമാണ്—റോമ. 1:3-4:**

റോമ. 1:3 ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും,

റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

A. തന്റെ ജഡാവതാരത്തിനും പുനരുത്ഥാനത്തിനും മുമ്പ് ക്രിസ്തു ദൈവത്തിന്റെ പുത്രൻ, ഏകജാതനായ പുത്രൻ, ആയിരുന്നു—യോഹ. 1:18; 3:16.

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

യോഹ. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

B. ജഡാവതാരത്തിനുമുമ്പ് ക്രിസ്തു ദൈവപുത്രനായിരുന്നുവെങ്കിലും, ജഡാവതാരത്തിലൂടെ അവൻ ദിവ്യത്വവുമായി യാതൊരു ബന്ധവുമില്ലാത്ത മനുഷ്യപ്രകൃതം ധരിച്ചിരുന്നതുകൊണ്ട് പുനരുത്ഥാനത്തിൽനിന്ന് ദൈവപുത്രനായി നിയുക്തനാക്കപ്പെടുവാൻ അവന് അപ്പോഴും ആവശ്യമുണ്ടായിരുന്നു—1:1, 14; റോമ. 8:3:

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ

ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

റോമ. 8:3 ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു,

1. ദൈവപുത്രൻ ജഡാവതാരമെടുത്തശേഷം, അവന്റെ ദിവ്യപ്രകൃതം ജഡത്താൽ മറയ്ക്കപ്പെട്ടിരുന്നു.
2. ക്രിസ്തു തന്റെ ദിവ്യത്വത്തിൽ ദൈവത്തിന്റെ പുത്രനായിരുന്നു, എന്നാൽ മറിയയിൽനിന്നു ജനിച്ച മനുഷ്യപ്രകൃതത്തോടുകൂടിയ യേശു എന്ന അവന്റെ ഭാഗം ദൈവപുത്രനായിരുന്നില്ല—ലൂക്കൊ. 1:31-32, 35.

ലൂക്കൊ. 1:31 ഇതാ, നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും, നീ അവനെ യേശു എന്ന് പേർ വിളിക്കണം.

ലൂക്കൊ. 1:32 അവൻ വലിയവനാകും, അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം തന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു നൽകും,

ലൂക്കൊ. 1:35 ദൂതൻ അവളോട് ഉത്തരം പറഞ്ഞു, പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; അതുകൊണ്ടുതന്നെ ജനിക്കുന്ന വിശുദ്ധമായത് ദൈവപുത്രൻ എന്നു വിളിക്കപ്പെടും.

3. തന്റെ പുനരുത്ഥാനത്തിലൂടെ ക്രിസ്തു തന്റെ മനുഷ്യപ്രകൃതത്തെ, തന്റെ മനുഷ്യത്വത്തെ, വിശുദ്ധീകരിക്കുകയും ഉയർത്തുകയും, അവൻ പുനരുത്ഥാനത്തിൽനിന്ന് ഈ മനുഷ്യപ്രകൃതത്തോടുകൂടിയ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്തു; ഈ അർഥത്തിൽ അവൻ തന്റെ പുനരുത്ഥാനത്തിൽ ദൈവപുത്രനായി ജനിപ്പിക്കപ്പെട്ടു—റോമ. 1:3-4; പ്രവൃ. 13:33; എബ്രാ. 1:5.

റോമ. 1:3 ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും,

റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

പ്രവൃ. 13:33 "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

എബ്രാ. 1:5 "നീ എന്റെ പുത്രൻ, ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നും, "ഞാൻ അവനു പിതാവും, അവൻ എനിക്കു പുത്രനും ആകും" എന്നും ദൂതന്മാരിൽ ആരോടാകുന്നു അവൻ എപ്പോഴെങ്കിലും പറഞ്ഞിട്ടുള്ളത്?

4. ഇങ്ങനെ ദൈവപുത്രനായി നിയുക്തനാക്കപ്പെട്ടത് "ശക്തിയിൽ," ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിയിൽ ആയിരുന്നു, അതിന്റെ യാഥാർഥ്യം ആത്മാവാണ്—റോമ. 1:4; ഫിലി. 3:10; എഫെ. 1:19-20.

   റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

   ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

   എഫെ. 1:19 അവന്റെ ബലത്തിൻ പ്രഭാവത്തിന്റെ വ്യാപാരത്തിനൊത്തവണ്ണം, വിശ്വസിക്കുന്നവരായ നമ്മോടുള്ള അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം എന്തെന്നും നിങ്ങൾ അറിയേണ്ടതിനും തന്നെ,

   എഫെ. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

C. പുനരുത്ഥാനത്തിൽ നിയുക്തനാക്കപ്പെട്ടതിലൂടെ തന്റെ ജഡാവതാരത്തിനു മുമ്പേ ദൈവപുത്രനായിരുന്ന ക്രിസ്തു ഒരു പുതിയ രീതിയിൽ ദൈവപുത്രനായിത്തീർന്നു—റോമ. 1:4:

   റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

1. ജഡാവതാരത്തിനുമുമ്പ് അവൻ ദിവ്യത്വം മാത്രമുള്ള ദൈവപുത്രനായിരുന്നു; തന്റെ പുനരുത്ഥാനത്തിലൂടെ അവൻ ദിവ്യത്വവും മനുഷ്യത്വവുമുള്ള ദൈവപുത്രനായി നിയുക്തനാക്കപ്പെട്ടു—വാ. 4.

   റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

2. ക്രിസ്തു മനുഷ്യപ്രകൃതം ധരിച്ചിരുന്നില്ലെങ്കിൽ, അവൻ ദൈവപുത്രനായി നിയുക്തനാക്കപ്പെടേണ്ട ആവശ്യം ഉണ്ടാകുമായിരുന്നില്ല, എന്തെന്നാൽ അവന്റെ ദിവ്യത്വത്തിൽ അവൻ നിത്യത മുതലേ ദൈവപുത്രനായിരുന്നു—യോഹ. 1:18; 17:5.

   യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

   യോഹ. 17:5 ഇപ്പോഴോ പിതാവേ, ലോകം ഉണ്ടാകുന്നതിനു മുമ്പേ എനിക്കു നിന്നോടുകൂടെ ഉണ്ടായിരുന്ന തേജസ്സുകൊണ്ട്, നിന്നോടുകൂടെത്തന്നെ എന്നെ തേജസ്കരിക്കേണമേ.

3. ജഡാവതാരത്തിലൂടെ മനുഷ്യത്വം ധരിച്ചിട്ട്, പുനരുത്ഥാനത്തിൽ അവൻ മനുഷ്യത്വത്തോടുകൂടിയ ദൈവപുത്രനായി നിയുക്തനാക്കപ്പെട്ടു—1:14; റോമ. 8:3; 1:3-4; എബ്രാ. 2:14:

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

റോമ. 8:3 ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു,

റോമ. 1:3 ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും,

റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

എബ്രാ. 2:14 ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്,

a. ദൈവത്തിന്റെ നിയുക്ത പുത്രനെന്ന നിലയിൽ, ക്രിസ്തുവിന് ദിവ്യത്വവും മനുഷ്യത്വവും എന്ന രണ്ടു പ്രകൃതങ്ങളുണ്ട്; ഇപ്പോൾ അവനുള്ള മനുഷ്യത്വം ഒരു സ്വാഭാവിക മനുഷ്യത്വമല്ല, പുനരുത്ഥാനത്തിൽ ഉയർത്തപ്പെട്ട ഒരു മനുഷ്യത്വമാണ്—റോമ. 1:4.

റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

b. ക്രിസ്തുവിന്റെ മാനുഷ്യ പ്രകൃതംപോലും ദൈവപുത്രനായി നിയുക്തനാക്കപ്പെട്ടിരിക്കുന്നു, കാരണം അവൻ ദിവ്യത്വത്തോടും മനുഷ്യത്വത്തോടുംകൂടെ ദൈവപുത്രനായി നിയുക്തനാക്കപ്പെട്ടു.

D. മനുഷ്യത്വത്തോടുകൂടിയ ദൈവപുത്രനെന്ന നിലയിൽ ക്രിസ്തു നിയുക്തനാക്കപ്പെട്ടത് "വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്" ആയിരുന്നു—വാ. 4:

1. വിശുദ്ധിയുടെ ആത്മാവ് കർത്താവായ യേശുവിനുള്ളിലെ ജീവ സാരാംശമാണ്; അവൻ ഭൂമിയിൽ ജഡത്തിൽ ജീവിച്ചപ്പോൾ, അവന്റെ ഉള്ളിൽ ഈ സാരാംശം ഉണ്ടായിരുന്നു—മത്താ. 1:18, 20; ലൂക്കൊ. 1:35.

മത്താ. 1:18 യേശു ക്രിസ്തുവിന്റെ ഉത്ഭവം ഇപ്രകാരം ആയിരുന്നു: അവന്റെ അമ്മയായ മറിയ യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം, അവർ കൂടിവരുമ്മുമ്പേ, പരിശുദ്ധാത്മാവിൽനിന്ന് ഗർഭിണിയായി കാണപ്പെട്ടു.

മത്താ. 1:20 എന്നാൽ അവൻ ഈ കാര്യങ്ങൾ പരിചിന്തിച്ചിരിക്കുമ്പോൾ ഇതാ, കർത്താവിന്റെ ഒരു ദൂതൻ അവനു സ്വപ്നത്തിൽ പ്രത്യക്ഷനായി പറഞ്ഞു: ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ എടുത്തു കൊള്ളുവാൻ ഭയപ്പെടേണ്ട, എന്തെന്നാൽ അവളിൽ ജനിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്ന് ആകുന്നു.

ലൂക്കൊ. 1:35 ദൂതൻ അവളോട് ഉത്തരം പറഞ്ഞു, പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; അതുകൊണ്ടുതന്നെ ജനിക്കുന്ന വിശുദ്ധമായത് ദൈവപുത്രൻ എന്നു വിളിക്കപ്പെടും.

2. കർത്താവായ യേശു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ, അവനിൽ ഉണ്ടായിരുന്ന വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് പുനരുത്ഥാനത്താൽ ശക്തിയിൽ ദൈവപുത്രനായി അവൻ നിയുക്തനാക്കപ്പെട്ടു—റോമ. 1:4.

റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

3. ഇപ്പോൾ അവൻ മുമ്പത്തേക്കാൾ അത്ഭുതകരമായ രീതിയിൽ ദൈവപുത്രനാണ്, എന്തെന്നാൽ ഇപ്പോൾ അവന് ദിവ്യപ്രകൃതവും, ഉയിർപ്പിക്കപ്പെട്ടതും, രൂപാന്തരപ്പെട്ടതും, ഉയർത്തപ്പെട്ടതും, തേജസ്കരിക്കപ്പെട്ടതും, നിയുക്തനാക്കപ്പെട്ടതുമായ മനുഷ്യപ്രകൃതവും ഉണ്ട്—6:4; ലൂക്കൊ. 24:26; യോഹ. 17:5; പ്രവൃ. 3:13.

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

ലൂക്കൊ. 24:26 ക്രിസ്തു ഈ കാര്യങ്ങൾ സഹിക്കുകയും തന്റെ തേജസ്സിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നില്ലയോ?

യോഹ. 17:5 ഇപ്പോഴോ പിതാവേ, ലോകം ഉണ്ടാകുന്നതിനു മുമ്പേ എനിക്കു നിന്നോടുകൂടെ ഉണ്ടായിരുന്ന തേജസ്സുകൊണ്ട്, നിന്നോടുകൂടെത്തന്നെ എന്നെ തേജസ്കരിക്കേണമേ.

പ്രവൃ. 3:13 നിങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും, അവനെ വിട്ടയയ്ക്കുവാൻ തീരുമാനിച്ചപ്പോൾ, പീലാത്തൊസിന്റെ സന്നിധിയിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്ത, തന്റെ ദാസനായ യേശുവിനെ, നമ്മുടെ പിതാക്കന്മാരുടെ ദൈവമായ, അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, മഹത്വപ്പെടുത്തിയിരിക്കുന്നു.

E. നാം റോമർ 1:3-4-നെയും 8:29-നെയും തമ്മിൽ ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യമുണ്ട്:

റോമ. 1:3 ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും,

റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

1. തന്റെ ജഡാവതാരം, ക്രൂശുമരണം, പുനരുത്ഥാനം എന്നിവയിലൂടെ, ദൈവപുത്രനായ ക്രിസ്തു ആദ്യജാതനായ പുത്രനായിത്തീരുകയും, ക്രിസ്തുവിന്റെ സഹോദരന്മാരായ അനേകം പുത്രന്മാർ അവന്റെ സ്വരൂപത്തോട് അനുരൂപപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു—എബ്രാ. 2:10-11; റോമ. 8:29.

    എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

    എബ്രാ. 2:11 എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല,

    റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

2. റോമർ 1:3-4-ൽ, ദൈവപുത്രനായ ക്രിസ്തു, മൂലരൂപം ആണ്, എന്നാൽ 8:29-ൽ അനേകം സഹോദരന്മാർ മൂലരൂപത്തിൽനിന്ന് "വൻതോതിൽ ഉല്പാദിപ്പിക്കപ്പെട്ടവർ" ആണ്, അവർ ജീവനിൽ രക്ഷിക്കപ്പെടുന്നതിലൂടെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടും.

    റോമ. 1:3 ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും,

    റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

    റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

3. ഇത് ദൈവവൽക്കരണത്തിന്റെ കാര്യത്തിലേക്ക് നമ്മെ കൊണ്ടുവരുകയും, ക്രിസ്തുവിലുള്ള വിശ്വാസികളും ദൈവമക്കളുമായ നാം, ജീവനിലും സ്വഭാവത്തിലും സംരചനയിലും (എന്നാൽ

ദൈവത്വത്തിലല്ല) ദൈവമായിത്തീരേണ്ടതിന്, തന്നെത്തന്നെ മനുഷ്യനാക്കുക എന്നതാണ് ദൈവത്തിന്റെ വ്യവസ്ഥയിലെ അവന്റെ ഉദ്ദേശ്യമെന്ന് വിവക്ഷിക്കുകയും ചെയ്യുന്നു; ഇങ്ങനെയുള്ള ഒരു വിവക്ഷത അത്യന്തം ശ്രേഷ്ഠമാണ്, ഒടുവിൽ, വേദപുസ്തകം ഈ വിഷയത്തോടുകൂടെ പരിണതിപ്രാപിക്കുന്നു—റോമ. 8:29; 1:3-4; യോഹ. 1:1-13; 1 യോഹ. 3:1; വെളി. 21:2, 10-11.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

റോമ. 1:3 ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും,

റോമ. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:2 അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു.

യോഹ. 1:3 സകലവും അവനിലൂടെ ഉളവായി, ഉളവായിരിക്കുന്നത് ഒന്നും അവനിൽനിന്ന് വേറിട്ട് ഉളവായതല്ല.

യോഹ. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

യോഹ. 1:5 വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു, ഇരുൾ അതിനെ ജയിച്ചതുമില്ല.

യോഹ. 1:6 ദൈവത്താൽ അയയ്ക്കപ്പെട്ടിട്ട് ഒരു മനുഷ്യൻ വന്നു, അവന്റെ പേർ യോഹന്നാൻ എന്നായിരുന്നു.

യോഹ. 1:7 വെളിച്ചത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തേണ്ടതിന് ഒരു സാക്ഷ്യത്തിനായി അവൻ വന്നു, എല്ലാവരും അവനിലൂടെ വിശ്വസിക്കേണ്ടതിനു തന്നെ.

യോഹ. 1:8 അവൻ വെളിച്ചം അല്ലായിരുന്നു, വെളിച്ചത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തേണ്ടതിനത്രേ അവൻ വന്നത്.

യോഹ. 1:9 ലോകത്തിലേക്കു വന്നുകൊണ്ട്, ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ഇതായിരുന്നു.

യോഹ. 1:10 അവൻ ലോകത്തിൽ ഉണ്ടായിരുന്നു, ലോകമോ അവനിലൂടെ ഉളവായി, എങ്കിലും ലോകം അവനെ അറിഞ്ഞില്ല.

യോഹ. 1:11 തന്റെ സ്വന്തമായവരിലേക്ക് അവൻ വന്നു, എങ്കിലും അവന്റെ സ്വന്തമായവർ അവനെ സ്വീകരിച്ചില്ല.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ

നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

1 യോഹ. 3:1 ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിയാത്തതുകൊണ്ട്, ഇതു നിമിത്തം നമ്മെ അറിയുന്നില്ല.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.